## മംഗളവാർത്ത നാലാം ഞായർ

**മത്തായി 1:18–24**

# നീതിയും ശാന്തിയും പൂവും പരിമളവും പോലെയാണ്

**റവ.ഡോ. മാർട്ടിൻ കല്ലുങ്കൽ**

**ആമുഖം**

Jurgen Moltmann എഴുതിയ, The Way of Jesus Christ എന്ന ഗ്രന്ഥത്തിൽ ശ്രദ്ധേയമായ ഒരു നിരീക്ഷണമുണ്ട്. All the Gospels answer the question who Jesus is by pointing to the Charisms of the Spirit of God. ഈശോയുടെ ജനനത്തിലും ദൗത്യനിർവഹണത്തിലുമെന്നല്ല, അസ്തിത്വത്തിന്റെ ആഴങ്ങളിൽ തന്നെ പരിശുദ്ധാത്മാവുമായുള്ള ഐക്യമുണ്ട്. പരിശുദ്ധാത്മാവിലൂടെയല്ലാതെ യേശുക്രിസ്തുവിനെ മനസ്സിലാക്കോ വിശ്വസിക്കാനോ സാധിക്കില്ല. യേശുവിന്റെ ജനനം വിവരിക്കുന്ന വിശുദ്ധ മത്തായിയുടെ സുവിശേഷം ഒന്നാം അധ്യായത്തിൽ 18 മുതൽ 21 വരെ പറഞ്ഞിരിക്കുന്നു. പരിശുദ്ധാത്മാവ് എന്ന പേര് ദൂതന്റെ നാവിൽ നിന്നു കേട്ടപ്പോഴാണ് മറിയത്തിന്റെ ഗർഭത്തെക്കുറിച്ചുള്ള ജോസഫിന്റെ സംശയങ്ങൾ മാറിയത്. മറിയത്തിന്റെ ഉദരത്തിൽ ദൈവപുത്രനായ യേശുവിനെ രൂപപ്പെടുത്തിയ, ഒഴിഞ്ഞുമാറാൻ ഒരുങ്ങിനിന്ന ജോസഫിനെ തിരുക്കുടുംബത്തിന്റെ കാവൽക്കാരനാക്കിയ പരിശുദ്ധാത്മാവിനെ തിരുപ്പിറവിക്കൊരുങ്ങുന്ന ദിനങ്ങളിൽ നാം നന്നായി ധ്യാനിക്കണം. നീതിയെയും സമാധാനത്തെയും പൂവും പരിമളവും പോലെ സമന്വയിപ്പിക്കാൻ ആത്മാവിന്റെ സഹവാസം അത്യാവശ്യമാണ്.

**നീതിനടത്തിപ്പിലെ ആത്മസ്പർശം**

യഹൂദപാരമ്പര്യമനുസരിച്ചു വിവാഹനിശ്ചയം കഴിയുന്നതോടെ പുരുഷനും സ്ത്രീയും നിയമപരമായി ഭാര്യാഭർത്താക്കന്മാരാണ്. അതുകൊണ്ട് ഇക്കാലയളവിലെ അവിശ്വസ്തത ദാമ്പത്യത്തിലെ അവിശ്വസ്തത പോലെ തന്നെ വധശിക്ഷയർഹിക്കുന്ന ഗൗരവതരമായ കുറ്റമാണ്. നിയമാവർത്തന പുസ്തകം 22, 24 അധ്യായങ്ങൾ നോക്കിയാൽ ഇതു വ്യക്തമാകും. വിവാഹനിശ്ചയം കഴിഞ്ഞിരിക്കേ ഗർഭിണിയായി കാണപ്പെട്ട മറിയത്തിന്റെ കാര്യത്തിൽ ഏറ്റവും നിർണായകമായ നിലപാട് ജോസഫിന്റേതാണ്. തന്നോടുള്ള സഹവാസത്തിൽ നിന്നല്ല മറിയം ഗർഭിണിയായതെന്ന് ജോസഫ് സമൂഹമധ്യത്തിൽ വെളിപ്പെടുത്തിയാൽ, പിന്നെ മറിയത്തെ കാത്തിരിക്കുന്നത് അപമാനവും മരണവുമാണ്. ഈ വിഷമസന്ധിയിലാണ്, സ്വതവേ നീതിമാനായ ജോസഫിന്റെ ഹൃദയം സന്ദേഹം കൊണ്ട് അസ്വസ്ഥമായത്. ഭാര്യയാകേണ്ടവളുടെ അവിശ്വസ്തത തെളിവോടെ വെളിപ്പെട്ടിട്ടും അതു പരിഹരിക്കാതിരിക്കുന്നത് അന്യായമാണെന്നു മനസ്സ് ഉറക്കെ പറയുമ്പോഴും തന്റെ പ്രിയപ്പെട്ടവളുടെ തനിക്കു മാത്രമറിയാവുനന തെറ്റ് പരസ്യമായി അവളെ അപകടത്തിലേക്കു കൈവിടരുതെന്ന് മനഃസാക്ഷി ശക്തമായി മന്ത്രിക്കുന്നു – ഇതായിരുന്നു ജോസഫിന്റെ ധർമ്മസങ്കടം. വിധവയായ മരുമകൾ അവൾ ഗർഭിണിയാണെന്നു കേട്ടപ്പോൾ അവളെ പുറത്തിറക്കി ചുട്ടുകളയുക (ഉത്പ. 15:25) എന്നു നിഷ്കർഷികരുണം കല്പിച്ച തന്റെ ഗോത്രപിതാവായ യൂദായെപ്പോലെ പെരുമാറാൻ നീതിമാനായ ജോസഫിനു കഴിയുമായിരുന്നില്ല. യൂദായുടെ ഗോത്രപരമ്പരയിൽ ജോസഫ് സ്വന്തം നന്മ കൊണ്ടു വ്യത്യസ്തനാകുകയാണ്. അന്യായം അംഗീകരിക്കാതിരിക്കുമ്പോൾത്തന്നെ അന്യായം കാണിച്ചവളെ അപമാനിക്കാതെ പ്രശ്നത്തിൽ തീർപ്പുകല്പിക്കാൻ ജോസഫ് കണ്ടെത്തിയ വഴി രഹസ്യത്തിൽ ഉപേക്ഷിക്കുക (മത്താ. 2:18) എന്നതായിരുന്നു. അങ്ങനെ മാനവും ജീവനും തിരിച്ചുപിടിക്കാൻ മറിയത്തിനും അവിശ്വസ്തയായ ഒരുവളോടൊപ്പം ജീവിച്ചില്ലെന്ന ധാർമ്മികപുണ്യം സ്വന്തമാക്കാൻ തനിക്കും കഴിയുമെന്ന് ജോസഫ് ചിന്തിച്ചു.

തീരുമാനമെടുത്തെങ്കിലും സ്വസ്തമായും ഗാഢമായും ഉറങ്ങാൻ ജോസഫിനു കഴിഞ്ഞില്ല. ഗാഢനിദ്രയിൽ സ്വപ്നമുണ്ടാകില്ല. എന്നാൽ, ജോസഫിനു സ്വപ്നമുണ്ടായി. സ്വപ്നത്തിൽ അതുവരെ അറിയില്ലാതിരുന്ന ഒരു സത്യം ജോസഫ് അറിയുകയും ചെയ്തു – മറിയം ഗർഭിണിയായിരിക്കുന്നതു പരിശുദ്ധാത്മാവിനാലാണ് (മത്താ. 1:20).

പഴയനിയമത്തിൽ പലയിടത്തും ആത്മാവ്, ദൈവത്തിന്റെ ആത്മാവ്, കർത്താവിന്റെ ആത്മാവ് എന്നീ പ്രയോഗങ്ങൾ ഉണ്ടെങ്കിലും വളരെ ചുരുക്കമായി മാത്രമേ പരിശുദ്ധാത്മാവിനെക്കുറിച്ചു പറയുന്നുള്ളൂ. ഉദാഹരണത്തിനു സങ്കീർത്തനം 51:11–ഉം ഏശയ്യ 63:10–11 ഉം കാണുക. പുതിയ നിയമകാലത്തിന്റെ ആരംഭമായപ്പോഴേക്കും പരിശുദ്ധാത്മാവായ ദൈവത്തെക്കുറിച്ചു യഹൂദർ നന്നായി മനസ്സിലാക്കിയിരുന്നു. മനുഷ്യജീവിതങ്ങളിലും ചരിത്രത്തിന്റെ വിശദാംശങ്ങളിലും ഇടപെടുന്ന പരിശുദ്ധാത്മാവായ ദൈവത്തെക്കുറിച്ചു ശരിയായ ധാരണയുണ്ടായിരുന്നതു കൊണ്ടാണ് ദൂതൻ പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോൾ മറിയത്തിനും ജോസഫിനുമുണ്ടായ സംശയങ്ങൾ മാറിയത്. പരിശുദ്ധാത്മാവ് നിന്റെ മേൽ വരും എന്നു കേട്ടതോടെ ഇതെങ്ങനെ സംഭവിക്കും എന്ന മറിയത്തിന്റെ സംശയം അപ്രത്യക്ഷമായി. അവൾ ഗർഭവതിയായിരിക്കുന്നത് പരിശുദ്ധാത്മാവിൽ നിന്നാണ് എന്നു ദൂതൻ അറിയിച്ചതോടെ ജോസഫ് എടുത്തിരുന്ന നീതിപൂർവകമായ തീരുമാനം നടപ്പാക്കേണ്ടെന്നു തീരുമാനിച്ചു. മാനുഷികനീതിയെ ഗുണപരമായ പരിവർത്തിപ്പിക്കാൻ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള അറിവിനു സാധിക്കും.

നീതി നടപ്പാക്കാനായി സമരങ്ങൾക്കിറങ്ങുന്നവരും സത്യാഗ്രഹങ്ങൾ സംഘടിപ്പിക്കുന്നവരുമായ നാനാജാതി മതസ്ഥർ വ്യാപകമായി ഉപയോഗിക്കുന്ന ബൈബിൾ വചനമാണ് സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നത്. എന്നാൽ ഇതു പൂർണമായ ബൈബിൾ ഉദ്ധരണിയല്ല. യോഹന്നാന്റെ സുവിശേഷം എട്ടാം അധ്യായം മുപ്പത്തിരണ്ടാം വാക്യത്തിന്റെ പൂർണരൂപം ഇതാണ്: നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. സത്യം അറിയുകയെന്നതാണ് ആദ്യപടി. സത്യം അറിയാതെയും അറിഞ്ഞിടത്തോളം മാത്രമാണ് സത്യമെന്നും വിശ്വസിച്ചു. മനുഷ്യർ നടത്തുന്ന വിധിപ്രസ്താവങ്ങൾക്കു മേൽ വൈദികമുദ്രയുണ്ടാകില്ലെന്നും നാം ഓർമ്മിക്കണം. ലൗകികനീതിയെ അതിലംഘിക്കുന്ന ദൈവികനീതി പാലിക്കാൻ വിളിക്കപ്പെട്ടിരിക്കുന്ന ക്രൈസ്തവർ ജോസഫിനെയാണ് മാതൃകയാക്കേണ്ടത്.

നാം നടത്തിയ നീതിതീർപ്പുകൾ പരിശുദ്ധാത്മ സ്പർശമുള്ളതായിരുന്നുവോ എന്നറിയാൻ ഒരു കാര്യം പരിശോധിച്ചാൽ മതി. ഇരുകൂട്ടർക്കും സമാധാനമുണ്ടായോ എന്നതാണാക്കാര്യം. പൂക്കൾ വിരിഞ്ഞാൽ സുഗന്ധമുണ്ടാകും. നീതിയുടെ പരിമളമാണ് സമാധാനം.

മുഖ്യമായും മൂന്നു വൈഷമ്യങ്ങളാണ് നീതിതീർപ്പുകളിൽ മനുഷ്യർ നേരിടുന്നത്. ഒന്ന്, നന്മയ്ക്കു ഹാനിയൊന്നും വരുത്താതെ തിന്മയെ മാത്രം ഉന്മൂലനം ചെയ്യാൻ മനുഷ്യന് സ്വാഭാവികസിദ്ധിയില്ല. രണ്ട്, മനുഷ്യന്റെ അറിവ് അപൂർണമായതു കൊണ്ടു നീതിതീർപ്പു തേടുന്ന വിഷയം സമഗ്രമായി മനസ്സിലാക്കാൻ കഴിയുന്നില്ല. മൂന്ന്, സാമാന്യനീതിയുടെ അതിരുകൾ തകർത്ത് ഒഴുകിപരക്കുന്ന ദൈവകരുണയുടെ ഗതി മുൻകൂട്ടി നിർണയിക്കാൻ മനുഷ്യനാകില്ല. ഈ മൂന്നു കുറവുകളും പരിഹരിക്കാൻ മനുഷ്യന് വേണ്ടതു പരിശുദ്ധാത്മ സഹായമാണ്. നന്മതിന്മകളെ വേർതിരിക്കുന്ന വിവേകവും രഹസ്യങ്ങൾ പോലും വെളിപ്പെടുത്തി നല്കുന്ന അറിവും സർവാശ്ലേഷിയായ സ്നേഹവും പരിശുദ്ധാത്മാവിന്റെ ദാനങ്ങളാണ്.

**ഉപസംഹാരം**

ക്രിസ്തുവിനെ ലോകത്തിലേക്കും നാമോരുത്തരുടെയും ജീവിതത്തിലേക്കും കൊണ്ടുവരുന്നതു പരിശുദ്ധാത്മാവാണ്.